**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5740** **24-03-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി നഗരസഭ ബൈലോ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയുടെ ബൈലോ ഭേദഗതി ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വളാഞ്ചേരി നഗരസഭയുടെ ബൈലോ ഭേദഗതി ചെയ്യുന്നതിനായി നിലവിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ യാതൊരു അപേക്ഷകളും ലഭ്യമായിട്ടില്ല.<br><br>എന്നാൽ മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 28-12-2024-ലെ LSGD/JD/MPM/9977/2024-E1 നമ്പർ കത്ത് പ്രകാരം വളാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റ് സ്ഥലം പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള ബൈലോ, മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടറുടെ 20-01-2025 -ലെ LSGD/JD/MPM/949/2024-G1 നമ്പർ കത്ത് പ്രകാരം വളാഞ്ചേരി നഗരസഭയുടെ പ്ലാസ്റ്റിക് ഖര ദ്രവ ഇ- മാലിന്യ പരിപാലന ബൈലോ എന്നിവ അംഗീകാരത്തിനായി പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും, തുടർന്ന് ടി ബൈലകൾ പരിശോധിച്ചതിൽ 23.08.2024-ലെ LSGD/PD/24292/2024-AR5 നിർദേശ പ്രകാരമുള്ള രേഖകളുടെ അഭാവം ഉള്ളതിന്റെ അടിസ്ഥാനത്തിൽ ടി അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് തിരികെ നല്കിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; ഈ വിഷയം നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ? | (ബി) | വളാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റ് സ്ഥലം പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള ബൈലോ ലഭ്യമായത്, LSGD/PD/32572/2024-AR4 നമ്പർ ഫയൽ പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് 14/03/2025-നും, വളാഞ്ചേരി നഗരസഭയുടെ പ്ലാസ്റ്റിക് ഖര ദ്രവ ഇ- മാലിന്യ പരിപാലന ബൈലോ ലഭ്യമായത്, LSGD/PD/3003/2025-AR4 നമ്പർ |

| | | | |
|---|---|---|---|
| | | | ഫയൽ പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് 01.03.2025-നും മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അറിയിപ്പ് നല്കി, മടക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ